# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2135** **11/06/2018-ൽ മറുപടിക്ക്**

### മഴക്കാല രോഗങ്ങൾ നിയന്ത്രിക്കുന്നതിന് നടപടി

**ചോദ്യം**

**ശ്രീ.സി. ദിവാകരൻ**
**,, ആർ. രാമചന്ദ്രൻ**
**,, എൽദോ എബ്രഹാം**
**,, കെ. രാജൻ**

**മറുപടി**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി)

എ) മഴക്കാലത്ത് രോഗങ്ങൾ പടർന്ന് പിടിക്കുന്നത് തടയുന്നതിന് സ്വീകരിക്കുന്ന മുൻകരുതൽ നടപടികൾ വിശദമാക്കുമോ;

എ) പകർച്ചവ്യാധി 'പ്രതിരോധ-പ്രവർത്തനത്തിനായി സർക്കാരിന്റെ നേതൃത്വത്തിൽ ആരോഗ്യ വകുപ്പിന്റെയും മറ്റ് അനുബന്ധ വകുപ്പുകളുടെയും സഹകരണത്തോടെ വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന 'ആരോഗ്യജാഗ്രത' പ്രതിദിനം പ്രതിരോധം എന്ന കർമ്മ-പരിപാടി നടപ്പിലാക്കി വരുന്നു.

ആരോഗ്യവകുപ്പിന്റെയും തദ്ദേശസ്വയം ഭരണ വകുപ്പിന്റെയും ആഭിമുഖ്യത്തിൽ ആരോഗ്യ കർമ്മസേന സംസ്ഥാനത്തെ എല്ലാ വീടുകളും സന്ദർശിച്ച് രോഗപ്രതിരോധ അവസ്ഥാ നിർണയം നടത്തുകയും ജനങ്ങളെ പകർച്ചവ്യാധികൾക്കെതിരെ ബോധവത്കരിക്കുകയും ചെയ്തു വരുന്നു. വ്യക്തി ശുചിത്വം, പരിസരശുചിത്വം, മാലിന്യ നിർമ്മാർജ്ജനം, കുടിവെള്ള സുരക്ഷിതത്വം, കൊതുകുറവിട നശീകരണം തുടങ്ങി ജനപങ്കാളിത്തം ആവശ്യമായ വിവിധങ്ങളായ രോഗ പ്രതിരോധ ബോധവത്കരണം ജനങ്ങൾക്ക് നൽകിവരുന്നു.

പഞ്ചായത്തുകളിൽ ഗ്രാമസഭകൾ നടത്തുകയും വാർഡ് തല ആരോഗ്യ ശുചിത്വ കർമ്മസേനാംഗങ്ങൾ വീടുകളും സ്ഥാപനങ്ങളും പൊതുസ്ഥലങ്ങളും സന്ദർശിച്ച് ശുചിത്വമാപ്പിംഗ് നടത്തുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യവകുപ്പ്, സാമൂഹ്യനീതി വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, പി.ആർ.ഡി ശുചിത്വമിഷൻ, ഹരിതകേരളം മിഷൻ, കുടുംബശ്രീ എന്നിവയുടെ ഉത്തരവാദിത്വത്തിൽ ആരോഗ്യജാഗ്രതാ ബോധവത്കരണ പ്രവർത്തനങ്ങൾ

നടത്തിവരുന്നു. വീടുകൾ, സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ തുടങ്ങിയവയിൽ സമ്പൂർണ്ണ ശുചീകരണം നടത്തിവരുന്നു.

കൂടാതെ പകർച്ചവ്യാധികൾ ഉണ്ടാകുന്നത് നേരത്തെ തന്നെ കണ്ടുപിടിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി രോഗ-നിരീക്ഷണവും കൊതുകുനിരീക്ഷണവും ശക്തിപ്പെടുത്തിയിട്ടുണ്ട്. പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ അതാത് സമയങ്ങളിൽ ജില്ലാ സംസ്ഥാനതല നടപടികൾ സ്വീകരിച്ചു വരുന്നു. കൊതുകുസാന്ദ്രത കൂടുതലുള്ള പ്രദേശങ്ങളിലും ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിലും കൊതുകിന്റെ ഉറവിട നശീകരണം, വീടിനുള്ളിൽ കീടനാശിനി തളിക്കുക (ഐഎസ്എസ്), വീടിനു പുറത്ത് കീടനാശിനി പുകയ്ക്കൽ (ഫോഗിങ്ങ്), കൂത്താടി നശീകരണത്തിനുള്ള സ്പ്രേയിംഗ് ചെയ്ത് വരുന്നുണ്ട്. ആരോഗ്യപ്രവർത്തകർക്ക് ആവശ്യമായ കൈപ്പുസ്തകങ്ങൾ, പൊതുജനങ്ങൾക്കാവശ്യമായ ലഘു-ലേഖകൾ തുടങ്ങിയവ തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. മരുന്നുകളും ടെസ്റ്റ് കിറ്റുകളും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്.

**ബി)** മഴക്കാലത്തിന് മുൻപ് മാലിന്യനിർമ്മാർജ്ജനത്തിനും കൊതുക്, എലി, മറ്റ് പ്രാണികൾ എന്നിവയുടെ നശീകരണത്തിനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ;

**ബി)** സ്വീകരിച്ചിട്ടുണ്ട്.

**സി)** എല്ലാ വീടുകളിലും മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനങ്ങളെക്കുറിച്ച് ആരോഗ്യ പ്രവർത്തകർ ബോധവല്ക്കരണം നടത്തുന്നുണ്ടോ; വിശദമാക്കുമോ;

**സി)** നടത്തുന്നുണ്ട്. ജാഗ്രതാ പ്രവർത്തനത്തിന്റെ ഭാഗമായി ആരോഗ്യപ്രവർത്തകർ ആരോഗ്യസേനാ പ്രവർത്തകർ, ആശാ വർക്കർമാർ, തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ എന്നിവർ അടങ്ങുന്ന സംഘം ഓരോ വീടും സന്ദർശിച്ച് ബോധവത്കരണ ശീലവത്ക്കരണ പ്രവർത്തനത്തിൽ പങ്കാളികളായിക്കൊണ്ടിരിക്കുന്നു. സുരക്ഷിത കുടിവെള്ള സംവിധാന മാർഗ്ഗങ്ങൾ ഒരുക്കുന്ന പ്രക്രിയയും നടത്തി-ക്കൊണ്ടിരിക്കുന്നു.

**ഡി)** ഡെങ്കിപ്പനി പ്രതിരോധിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ?

**ഡി)** പകർച്ചവ്യാധികൾ ഉണ്ടാകുന്നത് നേരത്തെ തന്നെ കണ്ടുപിടിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി രോഗ-

നിരീക്ഷണവും കൊതുകുനിവാരണ പ്രവർത്തനങ്ങളും ശക്തിപ്പെടുത്തിയിട്ടുണ്ട്. പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ അതാത് സമയങ്ങളിൽ ജില്ലാ സംസ്ഥാനതല നടപടികൾ സ്വീകരിച്ചു വരുന്നു. കൊതുകുസാന്ദ്രത കൂടുതലുള്ള പ്രദേശങ്ങളിലും ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിലും കൊതുകിന്റെ ഉറവിട നശീകരണം, വീടിനുള്ളിൽ കീടനാശിനി തളിക്കുക (ഐഎസ്എസ്), വീടിനു പുറത്ത് കീടനാശിനി പുകയ്ക്കൽ (ഫോഗിങ്), കൂത്താടി നശീകരണത്തിനുള്ള സ്പ്രേയിംഗ് ചെയ്തു വരുന്നുണ്ട്. ആരോഗ്യ പ്രവർത്തകർക്ക് ആവശ്യമായ കൈപുസ്തകങ്ങൾ, പൊതുജനങ്ങൾക്കാവശ്യമായ ലഘു-ലേഖകൾ തുടങ്ങിയവ തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. മരുന്നുകളും ടെസ്റ്റ് കിറ്റുകളും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്. ഡെങ്കിപ്പനിയ്ക്ക് പരിപൂർണ്ണ വിശ്രമവും രോഗലക്ഷണങ്ങൾക്ക് അനുസൃതമായ ചികിത്സയുമാണ് ലഭ്യമാക്കുന്നത്.

**സെക്ഷൻ ഓഫീസർ**